കഴിഞ്ഞ വർഷം വരെ വളരെ പരിമിതമായ അളവിൽ കേരളത്തിൽ ഉല്പാദിപ്പിക്കാത്ത തരം സാരികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംഭരണം നടത്തിയിട്ടുണ്ട്. ഇത് വാർഷിക വിറ്റുവരവിന്റെ 10-15 ശതമാനം മാത്രമേ ഉള്ളു.

(സി) ഇക്കഴിഞ്ഞ വർഷം ഇത്തരം സാരികൾ സംസ്ഥാനത്തിനകത്തു തന്നെ ഉല്പാദിപ്പിക്കാനുള്ള ശ്രമം നടത്തി. ഈ വർഷം ഹാന്റെക്സിന്റെ അംഗ സംഘങ്ങളിൽ തന്നെ ഇത്തരം സാരിത്തരങ്ങൾ പൂർണ്ണമായും ഉല്പാദിപ്പിക്കുന്നതിനുള്ള തീവ്രശ്രമം നടത്തിവരികയാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ പുനരുദ്ധാരണത്തിനായി സമാഹരിച്ച തുക

1 (562) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ട് ;

(ബി) ഈ തുകയ്ക്ക് പ്രതിമാസം പലിശയിനത്തിൽ എന്തു ചെലവു വരും ;

(സി) ഈ തുകയിൽ നിന്ന് വ്യവസായ പുനരുദ്ധാരണത്തിന് എന്തു തുക നൽകി;

(ഡി) ഏതെല്ലാം വ്യവസായങ്ങൾക്കാണ് തുക നൽകിയത് ;

(ഇ) ഇതിൽ നിന്ന് ഏതെല്ലാം വ്യവസായങ്ങൾക്ക് നൽകിയ എന്തു തുകയ്ക്കുള്ള ചെക്കുകൾ 31-1-2001 ലെ കണക്കനുസരിച്ച് മാറാതെയുണ്ട് ;

(എഫ്) വ്യവസായ വികസനത്തിന്റെ പേരിൽ പുതിയതായി കടമെടുക്കുന്നതിന് പരിപാടിയുണ്ടായിരുന്നുവോ ;

(ജി) എങ്കിൽ എന്തു തുക ;

(എച്ച്) ഈ വായ്പയെടുക്കാതിരിക്കുവാനുള്ള കാരണമെന്ത് ?

ഉത്തരം

(എ) കേരള വ്യവസായ പുനരുദ്ധാരണ നിധി ബോർഡ് ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും, സർക്കാർ വിഹിതമായി 45 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) ബോണ്ടുകളുടെ വിൽപ്പന വഴി സമാഹരിച്ച 180 കോടി രൂപയ്ക്ക് പ്രതിമാസം 202.50 ലക്ഷം രൂപ പലിശയിനത്തിൽ ചെലവു വരും.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുള്ള കമ്പനികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) 31-1-2001 ലെ കണക്കനുസിച്ച് വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും കമ്പനികൾക്ക് നൽകിയ ചെക്കുകളിൽ മാറാതെയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

1.	തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	81.00 ലക്ഷം രൂപ
2.	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്	400.00 "
3.	കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ	2500.00 "
4.	കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	200.00 "
5.	കേരളാ സിറാമിക്സ് ലിമിറ്റഡ്	45.00 "
6.	കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്	235.00 "
7.	മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	573.00 "
8.	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്	325.00 "
9.	ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്	350.00 "
10.	സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരളാ ലിമിറ്റഡ്	825.00 "

(എഫ് - എച്ച്) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

പീഡിത വ്യവസായങ്ങൾക്കുള്ള ഫണ്ട്

2 (564) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ടി എത്ര രൂപയുടെ ഫണ്ടാണ് രൂപീകരിച്ചത് ;

(ബി) ഈ തുക എവിടെനിന്നു സമാഹരിച്ചു ;

(സി) ഇതിനു നൽകേണ്ട പലിശ ഒരു വർഷം എത്ര ;

(ഡി) ഈ ഫണ്ട് ഏതെല്ലാം വ്യവസായങ്ങൾക്ക് എത്രവീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഫണ്ടിലെ തുക മുഴുവൻ ചെലവഴിച്ചു കഴിഞ്ഞോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly